4. കുടിശ്ശിക വസൂലാക്കുന്നതിന് 2008-09-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1990-91 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാക്കും.

1991-92 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനവും ഒടുക്കണം. പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കും.

1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതവും നികുതി 100 ശതമാനവും ഒടുക്കണം.

2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതവും നികുതി 100 ശതമാനവും അടയ്ക്കേണ്ടതാണ്.

നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.

2009-10 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതു മേഖലാ സ്ഥാപനങ്ങൾക്കും ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചിരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

പൊതു മേഖലാ സ്ഥാപനങ്ങളുടെ പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം അടച്ചാൽ മതിയാകും. സ്വന്തമായ ഭൂമി അന്യാധീനപ്പെടുവാൻ സാധ്യതയുള്ള സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാവുകയില്ല. ഈ രണ്ടു സ്കീമുകളും 31-12-2010 വരെ തുടരുന്നതാണ്. ഈയിനത്തിൽ ഇതുവരെ 199.18 കോടി രൂപ പിരിച്ചെടുത്തു.

**വാണിജ്യനികുതി വരുമാനം**

**177 (243)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വാണിജ്യ നികുതിയിനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടി രൂപയാണ് ;

(ബി) ആയതിൽ നവംബർ 30 വരെ എത്ര കോടി രൂപ പിരിച്ചെടുത്തുവെന്ന് തരംതിരിച്ച് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം ഇതേ കാലയളവിൽ എത്ര കോടി രൂപയാണ് പിരിച്ചെടുത്തത് ; വിശദമാക്കുമോ ?

ഉത്തരം

(എ) 2010-11-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ. 2010-11 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം വാണിജ്യ നികുതിയിനത്തിൽ പ്രതീക്ഷിക്കുന്ന വരുമാനം 15125.69 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നവംബർ 30 വരെ വാറ്റ് ഇനത്തിൽ 5355.16 കോടി രൂപയും വാറ്റിതര ഇനത്തിൽ 4357.45 കോടി രൂപയും പിരിച്ചെടുത്തു.

(സി) കഴിഞ്ഞ സാമ്പത്തികവർഷം നവംബർ 30 വരെ ഈയിനത്തിൽ പിരിച്ചെടുത്തത് യഥാക്രമം 4375.78 കോടിയും 3547.76 കോടി രൂപയുമാണ്.

**എണ്ണക്കമ്പനികൾ, ബിവറേജസ് കോർപ്പറേഷൻ എന്നിവർ ഒടുക്കിയ നികുതി**

**178 (244)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11 സാമ്പത്തിക വർഷത്തിൽ നവംബർ 30 വരെ എണ്ണക്കമ്പനികൾ നികുതിയിനത്തിൽ എത്ര കോടി രൂപ സർക്കാരിലേക്ക് ഒടുക്കിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതേ കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ നികുതിയിനത്തിൽ എത്ര കോടി രൂപ സർക്കാരിലേക്ക് ഒടുക്കിയെന്ന് വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തികവർഷം നവംബർ 30 വരെ മേൽപ്പടി സ്ഥാപനങ്ങൾ യഥാക്രമം എത്ര കോടി രൂപയായിരുന്നു നികുതിയിനത്തിൽ സർക്കാരിലേക്ക് ഒടുക്കിയത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2016.14 കോടി രൂപ.

(ബി) 2165.90 കോടി രൂപ.

(സി) എണ്ണക്കമ്പനികൾ - 1635.05 കോടി രൂപ. ബിവറേജസ് കോർപ്പറേഷൻ - 1704.92 കോടി രൂപ.

**ചെക്ക് പോസ്റ്റുകളിൽ ആധുനിക സജ്ജീകരണം**

**179 (245)** ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ചെക്ക് പോസ്റ്റുകളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ;

(ബി) എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) അഴിമതി നിയന്ത്രിക്കുന്നതിന് ഇത് ഏതൊക്കെ തരത്തിൽ സഹായകമാകുന്നുവെന്ന് വിശദീകരിക്കുമോ ;

(ഡി) സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയശേഷം നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ;

(ഇ) പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും നികുതി വരുമാനത്തിൽ ചോർച്ച ഉണ്ടാകുന്നതായി കരുതുന്നുണ്ടോ ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly